വിലയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്തിരുന്ന മരുന്നുകളും ഉൾപ്പെടെയുള്ളവയ്ക്ക് 2015 ജൂൺ മാസം റീ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. അതനുസരിച്ച് നടപ്പുസാമ്പത്തിക വർഷം വിതരണക്കാരെ ലഭിക്കാത്ത 67 ഇനം മരുന്നുകൾ ഒഴികെയുള്ള മറ്റെല്ലാ മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും ഇൻഡന്റ് അനുസരിച്ച് ആശുപത്രികൾക്ക് വിതരണം നടത്തിവരുന്നു.

ഓൺലൈൻ ഇൻഡന്റ് സംവിധാനം

120(820) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായി വരുന്ന മരുന്നിന്റെ പട്ടിക ആശുപത്രികൾ ഓൺലൈനായി സമർപ്പിക്കേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകാനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) നിലവിലെ ഓൺലൈൻ ഇൻഡന്റ് സംവിധാനത്തിന് എന്തെങ്കിലും അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണം സുതാര്യവും സുഗമവും ആക്കുന്നതിന് കുറ്റമറ്റ ഓൺലൈൻ ഇൻഡന്റ് സംവിധാനം തുടർന്നും ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2013-14 വർഷത്തിൽ ഓൺലൈൻ ഇൻഡന്റ് സംവിധാനം ഏർപ്പെടുത്തിയെങ്കിലും സമർപ്പിത . രേഖകളിൽ കൃത്യതയില്ലായ്മ ശ്രദ്ധയിൽപ്പെട്ടതിനാൽ നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും മേലൊപ്പ് രേഖപ്പെടുത്തി നൽകുന്ന വാർഷിക ഇൻഡന്റാണ് മരുന്ന് ശേഖരണത്തിനും വിതരണത്തിനും അവലംബമായി എടുക്കുന്നത്.

(ബി) കുറ്റമറ്റ രീതിയിൽ ഇൻഡന്റ് ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഓൺലൈൻ സോഫ്റ്റ്വെയറിന് രൂപം നൽകിവരികയാണ്.

(സി) 2016 ഏപ്രിൽ മാസം 1 മുതൽ ജില്ലാതല മരുന്ന് സംഭരണശാലയിൽ നിന്നും മരുന്ന് വിതരണം ഉറപ്പാക്കുന്നതു മുതൽ അടുത്ത വർഷത്തെ വാർഷിക ഇൻഡന്റ് സ്വീകരിക്കുന്നതുവരെയുള്ള മുഴുവൻ വിവരങ്ങളും ഏകോപിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ എടുത്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly